## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *38 — 13.01.2021 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ . കെ. സി . ജോസഫ്**<br>**ശ്രീ . സണ്ണി ജോസഫ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൈവരിക്കുന്നതിനായി വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഡി.പി.ഐ.ഐ.ടി., 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ട വ്യവസായ സൗഹൃദ നടപടികളെ ജില്ലാതലത്തിൽ നടപ്പാക്കേണ്ടവ, സംസ്ഥാന തലത്തിൽ നടപ്പാക്കേണ്ടവ എന്ന് തരം തിരിച്ചിട്ടുണ്ട്. ആയതിൽ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന് 0.25% അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതും, സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ സൂചികയുമായി ബന്ധപ്പെട്ടുള്ളതുമാണ്.<br><br>അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ജില്ലാതല നടപടികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച് കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയപരിധിയായ 31.12.2020 ന് മുൻപുതന്നെ, അതായത് 16.12.2020 ന് സമർപ്പിച്ചിട്ടുള്ളതാണ്.<br><br>18 പരിഷ്കരണ മേഖലകൾ ഉൾക്കൊള്ളുന്ന 18 വകുപ്പുകൾ/ ഏജൻസികൾ എന്നിവിടങ്ങളിലായി 301 ആക്ഷൻ പോയിന്റുകൾ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ജനുവരി 31 ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ റാങ്കിംഗ്, നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും ഉപയോക്താക്കളിൽ നിന്ന് ലഭിക്കുന്ന ഫീഡ്ബാക്കിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.<br><br>SBRAP 2020 ൽ 18 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 301 ആക്ഷൻ |
| (ബി) | ഇല്ലെങ്കിൽ ഇനി നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | പോയിന്റുകൾ അടങ്ങിയിരിക്കുന്നു. കൂടാതെ മേഖലാ പരിരക്ഷ ഉറപ്പാക്കുന്നതിന് നിരവധി മേഖല നിർദ്ദിഷ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നു.<br><br>301 പരിഷ്കാരങ്ങളിൽ 195 പരിഷ്കാരങ്ങൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്; 60 പരിഷ്കാരങ്ങൾ നടപ്പാക്കപ്പെടുന്നു. 46 പരിഷ്കാരങ്ങൾ സംസ്ഥാനത്തിന് "ബാധകമല്ല". നിലവിലെ കണക്കനുസരിച്ച് സംസ്ഥാനം 76% നടപ്പാക്കി. പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ വകുപ്പ്/ ഏജൻസികൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, എന്നിരുന്നാലും താഴെ പറയുന്ന ഏജൻസികളിൽ ചില പരിഷ്കരണ പ്രവർത്തന പോയിന്റുകൾ നടപ്പിലാകേണ്ടതായിട്ടുണ്ട്:<br>• Home Department<br>• Department of Fire and Rescue<br>• Department of Factories and Boilers<br>• Labour Department<br>• Kerala Water Authority<br>• Registration Department<br>• Archaeology Department<br>• Revenue Department/DA<br>• Excise Department<br>• Kerala State Pollution Control Board<br>• Drugs Control Department<br>• Local Self Government Department<br><br>BRAP 2020 ൽ 100% നടപ്പാക്കാനും ഉയർന്ന റാങ്ക് നേടുന്നതിന് ഉപഭോക്താക്കളിൽ നിന്ന് പോസിറ്റീവ് ഫീഡ്ബാക്ക് നേടാനും, ബന്ധപ്പെട്ട വകുപ്പ്/ ഏജൻസികളുമായിചേർന്ന് പരിഷ്കാരങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതാണ്. |
| (സി) | കേന്ദ്ര വ്യവസായ പ്രോത്സാഹന മന്ത്രാലയം പ്രസിദ്ധീകരിച്ച വ്യവസായസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിലവിൽ സംസ്ഥാനത്തിന്റെ റാങ്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ; | (സി), (ഡി) & (ഇ) | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. ലോക ബാങ്കിന്റെ ഈസ് ഓഫ് ഡൂയിംഗ് സംരംഭത്തോട് ചുവടു പിടിച്ചാണ് Business Reform Action Plan (BRAP) സംവിധാനം വഴി കേന്ദ്ര ഗവൺമെൻറിന്റെ ഡിപ്പാർട്ടുമെൻറ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻറ് പ്രമോഷൻ (ഡി.ഐ.പി.പി) നമ്മുടെ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, |
| (ഡി) | റാങ്ക് പട്ടിക തുടങ്ങിയ കാലത്ത് സംസ്ഥാനം പതിനെട്ടാം സ്ഥാനത്തായിരുന്നത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കിയ ശേഷം വളരെ പിന്നോട്ട് പോയത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഇ) | | | |

| | | | |
|---|---|---|---|
| (ഈ) | സംസ്ഥാനത്ത് ഇക്കാര്യത്തിലുണ്ടായിട്ടുള്ള കുറവുകൾ പരിഹരിച്ച് റാങ്ക് പട്ടികയിൽ മുൻനിരയിലെത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിൻറുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം ഡി.ഐ.പി.പി നിർണ്ണയിക്കുന്നത്.<br><br>2019 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ കേരളത്തിന്റെ റെക്കോർഡ് 2015-16 ൽ ക്രമാനുഗതമായി 22.8 ശതമാനമായി ഉയർന്നു; 2016-17 ൽ 26.9 ശതമാനം; 2017-18 ൽ 52.56 ശതമാനം; ഒപ്പം 2018-19 ൽ 85 ശതമാനവും.<br><br>കൂടാതെ സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ നൂതനമായ നിരവധി നടപടികൾ ആവിഷ്കരിക്കുകയും. ഫാസ്റ്റ് ആൻഡ് സുതാര്യ ക്ലിയറൻസിനായി (കെ-സ്വിഫ്റ്റ്) ഇൻവെസ്റ്റ് കേരള പോർട്ടലും തുടങ്ങിയ പരിഷ്കാരങ്ങൾ നടത്തുകയും ഉണ്ടായി.<br>ഇത്തരത്തിലുള്ള പരിഷ്കരണ പ്രവർത്തന പോയിൻറുകളും ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും ലഭിച്ച ഫീഡ് ബാക്ക് സ്കോറുകളെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തീരുമാനിക്കുകയെന്ന് DPIIT നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ സ്കോറിങ്ങും റാങ്കിങ്ങും മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ ഒന്നും പരിഗണിക്കാതെയാണ് കേരളത്തിന് വ്യവസായ സൗഹൃദ പട്ടികയിൽ 28-ാം സ്ഥാനത്ത് ആക്കിയത്. എന്നാൽ സ്കോറിംഗിനും റാങ്കിംഗിനുമായി സ്വീകരിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സർക്കാർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നെങ്കിലും നാളിതുവരെ DPIIT വിശദാംശങ്ങൾ പങ്കിട്ടിട്ടില്ല.<br><br>എന്നാൽ ഈ വർഷം കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഡി.പി.ഐ.ഐ.ടി., 2020-'21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ട വ്യവസായ സൗഹൃദ നടപടികളെ ജില്ലാതലത്തിൽ നടപ്പാക്കേണ്ടവ |

സംസ്ഥാനതലത്തിൽ നടപ്പാക്കേണ്ടവ എന്ന് തരം തിരിച്ചിട്ടുണ്ട്. ആയതിൽ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന് 0.25% അധിക വായ്പ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ടുള്ളതും, സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ സൂചികയുമായി ബന്ധപ്പെട്ടുള്ളതുമാണ്.

അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ജില്ലാതല നടപടികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച് കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയപരിധിയായ 31.12.2020 ന് മുൻപുതന്നെ, 16.12.2020 ന് സമർപ്പിച്ചിട്ടുള്ളതാണ്

18 പരിഷ്കരണ മേഖലകൾ ഉൾക്കൊള്ളുന്ന 18 വകുപ്പുകൾ/ ഏജൻസികൾ എന്നിവിടങ്ങളിലായി 301 ആക്ഷൻ പോയിന്റുകൾ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ജനുവരി 31 ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ റാങ്കിംഗ്, നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന ഫീഡ്ബാക്കിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

SBRAP 2020 ൽ 18 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 301 ആക്ഷൻ പോയിൻറുകൾ അടങ്ങിയിരിക്കുന്നു. കൂടാതെ മേഖലാ പരിരക്ഷ ഉറപ്പാക്കുന്നതിന് നിരവധി മേഖല നിർദ്ദിഷ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നു.

301 പരിഷ്കാരങ്ങളിൽ 195 പരിഷ്കാരങ്ങൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്, 60 പരിഷ്കാരങ്ങൾ നടപ്പാക്കപ്പെടുന്നു. 46 പരിഷ്കാരങ്ങൾ സംസ്ഥാനത്തിന് "ബാധകമല്ല". നിലവിലെ കണക്കനുസരിച്ച് സംസ്ഥാനം 76% നടപ്പാക്കി. പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ വകുപ്പ്

ഏജൻസികൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, എന്നിരുന്നാലും താഴെ പറയുന്ന ഏജൻസികളിൽ ചില പരിഷ്കരണ പ്രവർത്തന പോയിന്റുകൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

- Home Department
- Department of Fire and Rescue
- Department of Factories and Boilers
- Labour Department
- Kerala Water Authority
- Registration Department
- Archaeology Department

| | | | |
|---|---|---|---|
| | | | • Revenue Department/DA<br>• Excise Department<br>• Kerala State Pollution Control Board<br>• Drugs Control Department<br>• Local Sell Government Department<br><br>BRAP 2020 ൽ 100% നടപ്പാക്കാനും ഉയർന്ന റാങ്ക് നേടുന്നതിന് ഉപയോക്താക്കളിൽ നിന്ന് പോസിറ്റീവ് ഫീഡ്ബാക്ക് നേടാനും, ബന്ധപ്പെട്ട വകുപ്പ്/ഏജൻസികളുമായി ചേർന്ന് പരിഷ്കാരങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ